റെയിൽവേ കോച്ച് ഫാക്ടറി

*54 [54] (ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. ശങ്കരനാരായണപിള്ള:
,, എ. കെ. ശശീന്ദ്രൻ:
,, സിറിയക് ജോൺ:
,, കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ കോച്ചു ഫാക്ടറി കേരളത്തിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വിദഗ്ദ്ധ സംഘം കേരളം സന്ദർശിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ അവർ സമർപ്പിച്ച റിപ്പോർട്ട് എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) നിർദ്ദിഷ്ട കോച്ച് ഫാക്ടറി കേരളത്തിൽ സ്ഥാപിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് കേരളാ ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനു് എഴുതിയിരുന്നുവോ;

(ഡി) എങ്കിൽ അതിനു ലഭിച്ച മറുപടി എന്തായിരുന്നവെന്ന് വ്യക്തമാക്കാമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) റെയിൽവേ കോച്ചുഫാക്ടറി കേരളത്തിൽ സ്ഥാപിക്കണമെന്ന് കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് വളരെ ശക്തമായി പല പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. ഇൻഡ്യയിലെ കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിന് സ്ഥലം നിർണ്ണയിക്കുന്നതിനുള്ള ചുമതല കേന്ദ്ര റെയിൽവെ മന്ത്രാലയം "റൈറ്റ്സ് ലിമിറ്റഡ്" (RITES LTD) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. ഈ ആവശ്യത്തിനു വേണ്ടി റൈറ്റ്സ് നൽകിയ ഒരു സാങ്കേതിക ചോദ്യാവലിയുടെ പൂർണ്ണമായ ഉത്തരങ്ങൾ സംസ്ഥാന സർക്കാർ റൈറ്റ്സിനു് നൽകുകയും ചെയ്തിരുന്നു. സ്ഥല നിർണ്ണയ കാര്യത്തിൽ കേരള സർക്കാരിൻറെ നിർദ്ദേശങ്ങളും ചോദ്യാവലിയുടെ ഉത്തരങ്ങളും കൂടി പരിഗണിക്കാമെന്നും കോച്ചുഫാക്ടറി നിർമ്മാണത്തെപ്പറ്റിയുള്ള ശുപാർശകൾ റയിൽവേ മന്ത്രാലയത്തിനെ അറിയിക്കാമെന്നും റൈറ്റ്സ് അറിയിച്ചിരുന്നു.

സ്ഥലനിർണ്ണയക്കാര്യങ്ങൾ സംബന്ധിച്ച് റൈറ്റ്സിലെ ഉദ്യോഗസ്ഥൻമാർ കേരളം സന്ദർശിച്ചിരുന്നു.

(ബി) റൈറ്റ്സിൽ നിന്നും യാതൊരു സാങ്കേതിക റിപ്പോർട്ടും സംസ്ഥാന സർക്കാരിനു് ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത കോച്ച് ഫാക്ടറി പഞ്ചാബിൽ സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു എന്നുള്ള കത്തു മാത്രം കേരള സർക്കാരിനു് കിട്ടിയിരുന്നു.

(സി), (ഡി) റെയിൽവെ കോച്ച് ഫാക്ടറി കേരളത്തിൽ സ്ഥാപിച്ചു കിട്ടണമെന്ന ആവശ്യത്തെപ്പറ്റി കേരള മുഖ്യമന്ത്രി ഇൻഡ്യൻ പ്രധാനമന്ത്രിയേയും കേന്ദ്ര റയിൽവെ വകുപ്പ് മന്ത്രിയേയും നേരിൽ ധരിപ്പിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly